**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

**നം.ഫിൻ.സി 1/113291/2018/ഹ.സെ.വി.** **തീയതി : 07/05/2018.**

## സർക്കുലർ

വിഷയം: ഹ.സെ.വി.വ. – 2017-18 സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ മാറിയെടുക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. 18.04.2018–ലെ 32/2018/ധന. നമ്പർ സർക്കുലർ.

2. 30.04.2018–ലെ 38/2018/ധന. നമ്പർ സർക്കുലർ.

2017-18 സാമ്പത്തിക വർഷാവസാനത്തിൽ മാറിയെടുക്കാൻ സാധിക്കാതെ ട്രഷറി ക്യൂവിലേക്ക് മാറ്റിയിരുന്ന ബില്ലുകൾ സൂചന (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി മാറിയെടുക്കുന്നതിനായി താഴെ പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. ട്രഷറി ക്യൂവിലുള്ള ബില്ലിന്റെ പകർപ്പ്.
2. ക്യൂവിലുള്ള ബില്ലിന്റെ എൻട്രി വരുത്തിയ 2017-18–ലെ ബിൽ ബുക്കിന്റെ ഡി.ഡി.ഒ. സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. 2017-18–ലെ ഒറിജിനൽ പ്രൊസീഡിംഗ്സ്.

പരീക്ഷയുമായി ബന്ധപ്പെട്ട രേഖകൾ പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർക്കും, കരിയർ ഗൈഡൻസുമായി ബന്ധപ്പെട്ട രേഖകൾ കരിയർ ഗൈഡൻസ് കോ–ഓർഡിനേറ്റർക്കും, ബി.പി.എൽ സ്കോളർഷിപ്പ്, ടീച്ചേഴ്സ് ട്രെയിനിംഗ്, സി.ഇ. മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ അക്കാഡമിക് ജോയിന്റ് ഡയറക്ടർക്കും സർപ്പിക്കേണ്ടതാണ്. 2018 മെയ് 31–ന് മുൻപായി ക്യൂവിലുള്ള ബില്ലുകൾ മാറിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചന(2) സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ സമയബന്ധിതമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ ട്രഷറി ക്യൂവിലേക്ക് ബില്ലുകൾ മാറ്റിയിട്ടുള്ള പ്രിൻസിപ്പാൾമാർ ആവശ്യമായ രേഖകൾ സഹിതം 15.05.2018–ന് 5 മണിക്ക് മുൻപായി അതാത് ബ്രാഞ്ച് മേധാവികൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സമയപരിധി പാലിക്കാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

Sd/
**സീനിയർ ഫിനാൻസ് ഓഫീസർ**

To,
എല്ലാ പ്രിൻസിപ്പാൾമാർക്കും.